പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3635** **20.06.2018**– ൽ മറുപടിയ്ക്ക്

**കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ**

ചോദ്യം

ശ്രീ. കെ.വി.അബ്ദുൾ ഖാദർ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിന് ശ്രുതി തരംഗം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം കുട്ടികളെ തെരഞ്ഞെടുക്കുന്നു. |
| (ബി) | കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ ചെയ്തിട്ടുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ മക്കളുടെ ഇംപ്ലാന്റിനോടനുബന്ധിച്ചുള്ള ബോഡി വോൺ സൗണ്ട് | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | പ്രോസസർ കുട്ടികളുടെ വളർച്ച കാരണവും കാലപ്പഴക്കം കൊണ്ടും കമ്പനികൾ നിർമ്മാണം അവസാനിപ്പിച്ചതിനാലും ഉപയോഗിക്കുവാൻ കഴിയാതെ കുട്ടികൾ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |
| (സി) | നിലവിലെ ബോഡി വോൺ സൌണ്ട് പ്രൊസസറിന് പകരം പുതിയ സൌണ്ട് പ്രൊസസർ വാങ്ങുന്നതിനും ആയത് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്നതിനുള്ള അനുമതി നൽകാവുന്നതാണോ-യെന്ന് വ്യക്തമാക്കാമോ? | (സി) | തല്ക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**